**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3242** **01-03-2023 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. ബോട്ടണി സീനിയർ, ജൂനിയർ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എസ്.ടി. ബോട്ടണി സീനിയർ, ബോട്ടണി ജൂനിയർ എന്നീ തസ്തികയിൽ 2022 നവംബർ 30 വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) | ഹയർ സെക്കന്ററി അധ്യാപക നിയമനങ്ങൾ സംസ്ഥാന തലത്തിലായതിനാൽ ജില്ല തിരിച്ചുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറില്ല. |
| (ബി) | പ്രസ്തുത ജില്ലയിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നാളിതുവരെ നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; | (ബി) | ഹയർ സെക്കന്ററി അധ്യാപക നിയമനങ്ങൾ സംസ്ഥാന തലത്തിലായതിനാൽ ജില്ല തിരിച്ചുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാറില്ല. |
| (സി) | വിവിധ ജില്ലകളിൽ വർഷങ്ങളായി എച്ച്.എസ്.എസ്.ടി. ബോട്ടണി ജൂനിയറും സീനിയറുമായി ജോലി ചെയ്യുന്നവർക്ക് ട്രാൻസ്ഫർ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ 2021-22 അധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റം 23/05/2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്ഥലംമാറ്റത്തിനു ശേഷം നിലവിലുള്ള ഒഴിവുകളിലേക്കുള്ള അഡ്ജസ്റ്റ്മെന്റ് ട്രാൻസ്ഫർ 15/02/2023-ൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലയെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ഡി) | ഹയർ സെക്കന്ററി ജൂനിയർ ബോട്ടണി, കൊമേഴ്സ്, ഫിസിക്സ് അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് 18/12/2022- തിയതിയിലും മറ്റു വിഷയങ്ങളുടേത് 07/01/2021 തീയതിയിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സീനിയർ അധ്യാപകരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റ് 29/04/2019 തീയതിയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി അധ്യാപകരുടെ 2023 വർഷം ആസ്പദമാക്കിയുള്ള സീനിയോറിറ്റി ലിസ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഹയർ സെക്കൻഡറി അദ്ധ്യാപകരുടെ നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ എന്നത്തേക്ക് സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; ആയതിൽ നിയമനം നടത്തുന്നതിനുള്ള പ്രധാന തടസ്സം എന്തെന്ന് വിശദമാക്കാമോ? | (ഇ) | 2022-23 വർഷത്തെ ഹയർ സെക്കന്ററി അധ്യാപകരുടെ ജനറൽ ട്രാൻസ്ഫർ OA No 642/2022- ലെ അന്തിമ വിധി വരുന്നത് വരെ Kept in abeyance ൽ വെക്കുവാൻ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA No 642/2022 ലെ 16/5/2022 ലെ ഇടക്കാല വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ കേസ് ഇപ്പോഴും ബഹു: |

| | | | |
|---|---|---|---|
| | | | കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ